**27-10-2022** പ്രഭാതമുരളി ഓം ശാന്തി ബാപ്ദാദ മധുബന്

മധുരമായ കുട്ടികളേ - നിങ്ങള് ഈ പതിത ലോകത്തില് നിന്നും ബുദ്ധിയോഗം വേര്പെടുത്തി പരിധിയില്ലാത്ത സന്യാസിയാകണം, സന്യാസി അര്ത്ഥം പൂര്ണ്ണ പവിത്രവും പക്കാ യോഗിയും.

ചോദ്യം :- ഏതൊരു അവസ്ഥ വരുന്നതും മായയുടെ കൊടുങ്കാറ്റ് സമാപ്തമാകുന്നു?

ഉത്തരം :- എന്റെ പതി, എന്റെ കുട്ടി....ഈ എന്റെ, എന്റെ എന്നതില് നിന്നും ബുദ്ധിയോഗം ഇല്ലാതാകണം. എനിക്ക് ഒരേയൊരു ശിവബാബ രണ്ടാമതാരുമില്ല- ഇത് ബുദ്ധിയില് ഉറക്കണം. ഒരേയൊരു ബാബയുമായി മാത്രം ബുദ്ധിയോഗം പൂര്ണ്ണമായും വെച്ചിട്ടുണ്ടെങ്കില് മായയുടെ കൊടുങ്കാറ്റ് സമാപ്തമാകും.

ഗീതം :- ആരാണ് എന്റെ മനസ്സിന്റെ വാതില്ക്കല് വന്നിരിക്കുന്നത്.....

ഓം ശാന്തി. ഭഗവാനുവാചാ- ഇത് കുട്ടികള് മനസ്സിലാക്കി ആത്മാക്കളുടെ അച്ഛനെയാണ് പരമപിതാ പരമാത്മാവ് എന്ന് പറയുന്നത്. ബാബ സ്വയം മനസ്സിലാക്കി തരുന്നു- എനിക്ക് വലിയ ആകാരി രൂപമില്ല. ഏതു പോലെ ആത്മാവ് നക്ഷത്രമാണ്, ഭൃകുടി മദ്ധ്യത്തില് വസിക്കുന്നു, അതേപോലെ ഞാനും പരമാത്മാവാണ്. ബാബയുടെ മഹിമ വലുതാണ്, ജ്ഞാന സാഗരനാണ്. ബാക്കി ഇത്രയും വലിയ ചിത്രമൊന്നുമില്ല. ആത്മാവ് ഇത്രയും വലുതാണെങ്കില് ശരീരത്തില് പ്രവേശിക്കാന് സാധിക്കില്ല. ശിവലിംഗത്തിന്റെ പൂജ ചെയ്യാന് വലുതാക്കി കാണിച്ചിരിക്കുന്നു. അംഗുഷ്ഠാകാരത്തിലാണ്. ആത്മാവ് എന്നാല് ആത്മാവ് തന്നെയാണ്, കേവലം പരമം എന്നു പറയുന്നു, പരംധാമില് വസിക്കുന്നു. നിങ്ങള്ക്കറിയാം ഈ സമയത്ത് ഇത് ആസുരീയ ലോകമാണ്, ആസുരീയ സമ്പ്രദായമാണ്. സത്യയുഗത്തില് ഭാരതത്തില് ദേവീദേവതമാരുടെ രാജ്യമായിരുന്നു, ഇപ്പോള് ആസുരീയ രാജ്യമാണ്. നോക്കൂ, എന്തെല്ലാമാണ് കഴിക്കുന്നത്. മാംസം, മദ്യം....ഇത് രാക്ഷസന്റെ ആഹാരമാണ്, ഈ കാര്യം പോലും മനസ്സിലാക്കുന്നില്ല. സ്കൂളിലും ചിലര്ക്ക് നല്ല സ്വഭാവമായിരിക്കും, ചിലരുടേത് രജോഗുണി, ചിലരുടേത് തമോഗുണി. മറ്റുള്ളവര്ക്ക് മനസ്സിലാക്കി കൊടുക്കാന് സാധിക്കാത്തവരെ ബുദ്ധുവെന്ന് പറയും. ബ്രഹ്മാകുമാര് കുമാരിമാരിലും നമ്പര്വാര് ആണ്, മഹാരഥി, കുതിരപട, കാലാള്പട. മറ്റുള്ളവര്ക്ക് മനസ്സിലാക്കി കൊടുക്കാന് സാധിക്കാത്തവര് കൂടുതലുണ്ട് .ജ്ഞാനം പൂര്ണ്ണമായും ഇല്ലാത്തതിനാല് ഡിസര്വ്വീസ് ചെയ്യുന്നു. ആരില് എത്രത്തോളം ജ്ഞാനമുണ്ടോ അത്രത്തോളമേ മനസ്സിലാക്കി കൊടുക്കൂ. നമ്പര്വാര് ആണ്. തെറ്റുകളും ചെയ്യുന്നു. ഞാന് ദേവതയായി കൊണ്ടിരിക്കുന്നു എന്ന ലഹരി കുട്ടികള്ക്കുണ്ടായിരിക്കണം. ബാബ സ്വയം പറയുന്നു- ഞാന് പതിതരുടെ ലോകത്തിലാണ് വരുന്നത്. സത്യയുഗത്തില് ഇദ്ദേഹം തന്നെയായിരുന്നു നാരായണന്- ഇപ്പോള് വീണ്ടും ഇദ്ദേഹത്തിന്റെ തന്നെ ശരീരത്തില് പ്രവേശിച്ചിരിക്കുന്നു, നരനില് നിന്നും നാരായണനാക്കുന്നു. നമ്പര് വണ് പൂജനീയനും ഇദ്ദേഹം തന്നെയായിരുന്നു, ഇപ്പോള് നമ്പര്വണ് പൂജാരിയായി. ബ്രഹ്മാവിനും ആള്റൗണ്ട് പാര്ട്ടുണ്ട്. ഈ ശരീരം നിശ്ചിതമാണ്. ഒരിക്കലും മാറില്ല. വേറൊരാള്ക്ക് ചാന്സ് ലഭിക്കില്ല. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. അല്പം പോലും വ്യത്യാസം ഉണ്ടാകില്ല. ബാബ പറയുന്നു- ഞാന് വരുന്നത് പതിതരുടെ ലോകത്തിലാണ്,എന്നാല് ആരോടെങ്കിലും പതിതമാണ് എന്ന് പറയുകയാണെങ്കില് അവര് പിണങ്ങും. സര്വ്വരും ആസുരീയ സമ്പ്രദായമാണെന്ന് ഭഗവാന് പറയുമ്പോള്അത് അംഗീകരിക്കേണ്ടി വരുന്നു. ഭഗവാന് അര്ത്ഥം നിരാകാരനായ ഭഗവാന്, ബ്രഹ്മാവല്ല, വിഷ്ണുവല്ല, ശങ്കരനല്ല, കൃഷ്ണനല്ല..... പറയുന്നു ഞാന് പരമാത്മാവും നിങ്ങളേ പോലെയാണ്. ഭഗവാന്റെ വാക്കുകളാണ്- ഞാന് നിങ്ങളെ രാജയോഗം പഠിപ്പിക്കാനാണ് വന്നിരിക്കുന്നത്. യോഗത്തിന് എത്ര മഹിമയുണ്ട്. വളരെ യോഗാശ്രമങ്ങള് ഉറന്നിട്ടുണ്ട്. അവിടെ ഹഠയോഗമാണ് പഠിപ്പിക്കുന്നത്. എന്നാല് നിങ്ങള് യോഗബലത്തിലൂടെ മുഴുവന് വിശ്വത്തെയും സ്വര്ഗ്ഗമാക്കുന്നു. വിശ്വത്തെ പരിവര്ത്തനപ്പെടുത്തുന്നു. മുഴുവന് ലോകവും യോഗത്തിലിരിക്കുന്നില്ല, യോഗത്തിന് എത്ര മഹിമയുണ്ട്, അതിലൂടെയാണ് ഭാരതം സ്വര്ഗ്ഗമാകുന്നത്. എന്നാല് ആരാണ് ഇതിനെ സ്വര്ഗ്ഗമാക്കിയതെന്ന് ആര്ക്കും അറിയില്ല. തീര്ച്ചയായും സ്വര്ഗ്ഗം സ്ഥാപിക്കുന്നവന് ഉണ്ടാകണം. ബാബ പറയുന്നു ഞാന് തന്നെ വന്നാണ് ദേവതയാകുന്നതിനുള്ള കര്മ്മം പഠിപ്പിക്കുന്നത്. ഇത് വളരെ സഹജമാണ്. അവര് വളരെ യജ്ഞം രചിക്കുന്നു. ഇവിടെ നിങ്ങള് യജ്ഞം രചിക്കുന്നുണ്ടോ. സുഗന്ധത്തിന് വേണ്ടിയാണ് തിരി കത്തിക്കുന്നത്. ബാക്കി ഇവിടെ ഭക്തിയുടെ കാര്യമേയില്ല. അതിനാല് ബാബ തന്റെ പരിചയം നല്കുന്നു- നിങ്ങളെ പോലെ ഞാനും ആത്മാവാണ്.

എന്നാല് ഞാന് പുനര്ജന്മത്തില് വരുന്നില്ല, ജന്മമെടുക്കുന്നു എന്നാല് മൃത്യുവില് വരുന്നില്ല, എന്റെ ജയന്തി ആഘോഷിക്കുന്നുണ്ട്. ഞാന് ഈ ശരീരത്തില് പഠിപ്പിക്കാനാണ് വരുന്നത് അതിനാല് ഇതിനെ മൃത്യുവെന്ന് പറയില്ല. ഞാന് വരുന്നത് ദേവതയാക്കാനാണ്. ഇപ്പോള് ആര് വന്ന് പഠിക്കുന്നുവൊ....കഴിഞ്ഞ കല്പത്തില് പഠിച്ചവരെ ഈ കല്പത്തിലും പഠിക്കൂ. വളരെ കാലമായി പിരിഞ്ഞിരിക്കുന്ന സിക്കിലധേ കുട്ടികളാണ്, മറ്റുള്ളവര് 84 ജന്മങ്ങളില് വരുന്നില്ല, നമ്മള് തന്നെയാണ് 84 ന്റെ ചക്രത്തില് വരുന്നത്. മനുഷ്യര് വളരെ ജന്മങ്ങളെടുത്ത് ക്ഷീണിക്കുന്നു, നിങ്ങളോട് പറയും 84ന്റെ ചക്രത്തില് വരാന് ആഗ്രഹിക്കുന്നില്ലായെന്ന്. എന്നാല് നമ്മള് എത്ര നല്ല മല്ലയുദ്ധക്കാരാണ്, കൂടുതല് സന്തോഷിക്കുന്നു. നമ്മള് ഈ 84ന്റെ ചക്രത്തെ ഓര്മ്മിച്ച് ഓര്മ്മിച്ച് ചക്രവര്ത്തി രാജാവായി തീരുന്നു. അവരുടെ പതാകയിലും ചക്രമുണ്ട്, പിന്നെ അവര് ചര്ക്ക കാണിച്ചിരിക്കുന്നു. ഏറ്റവും മുകളില് ശിവബാബ, താഴെ ത്രിമൂര്ത്തിയും ചക്രവും. നിങ്ങളുടെ ശിവബാബയുടെ പതാക തീര്ത്തും ശരിയാണ്.

നിങ്ങള്ക്ക് മനസ്സിലാക്കി തന്നു- സന്യാസം രണ്ട് പ്രകാരത്തിലുണ്ട്. ഒന്ന് നിവൃത്തി മാര്ഗ്ഗത്തിന്റെ സന്യാസം, കാട്ടിലേക്ക് പോകുന്നു, അതാണ് പകുതി സന്യാസം. നിങ്ങളുടേത് ഫുള് സന്യാസമാണ്. എന്തിന്റെ? മുഴുവന് ആസുരീയ ലോകത്തിന്റെ സന്യാസം ചെയ്യുന്നു എന്റെ പതി, എന്റെ കുട്ടി, എന്റെ ഗുരു.....സര്വ്വ എന്റെ- എന്റേതില് നിന്നും ബുദ്ധിയോഗത്തെ വിടുവിക്കുന്നു. എനിക്ക് ഒരേയൊരു ബാബ രണ്ടാമതാരുമില്ല. ആ അവസ്ഥ ഉണ്ടാകാത്തിടത്തോളം കാലം കൊടുങ്കാറ്റ് വന്നു കൊണ്ടിരിക്കും. ബാബ മുഴുവന് ലോകത്തിന്റെയും സന്യാസം ചെയ്യിക്കുന്നു കാരണം ഇതെല്ലാം ഭസ്മമാകണം. അവര് ഭസ്മമാകും എന്നൊന്നും പറയുന്നില്ല. നിങ്ങള് സംബന്ധികളുടെ ഇടയിലാണ് വസിക്കുന്നത് എന്നാല് അവരെ കണ്ട് കൊണ്ടും ബുദ്ധി അവിടെയാണ്. എന്റേതായി ഒന്നും തന്നെയില്ല. അപ്പോള് കാമവും ക്രോധവും ആരോട്. ഈ യുക്തി വളരെ നല്ലതാണ്, പക്ഷെ ബുദ്ധിയിലുണ്ടാകണം. ഇതിനെ രാജയോഗം എന്നു പറയുന്നു. നിങ്ങള് യോഗം ചെയ്യുന്നു, രാജ്യപദവി നേടുന്നു. അത് ഹഠയോഗമാണ്. ഇത് ഗുഹ്യമായ പോയിന്റ്സ് ആണ്. യോഗികള് ലോകത്തില് അനവധിയുണ്ട്. എന്നാല് ബാബ പറയുന്നു ഒരാള്ക്ക് പോലും ഞാനുമായി യോഗമില്ല. എനിക്ക് പകരം എന്റെ നിവാസ സ്ഥാനമായ ബ്രഹ്മതത്വവുമായി യോഗം വെയ്ക്കുന്നു. ഏതു പോലെ ഭാരതവാസികള് തന്റെ നിവാസ സ്ഥാനമായ ഹിന്ദുസ്ഥാനെ തന്റെ ധര്മ്മം എന്നു മനസ്സിലാക്കിയിരിക്കുന്നു, അതേപോലെ അവരും സ്വയത്തെ ബ്രഹ്മത്തിന്റെ സന്താനമാണെന്ന് മനസ്സിലാക്കുന്നു. കുട്ടിയെന്നു പോലും പറയുന്നില്ല. കുട്ടി എന്ന് പറയുകയാണെങ്കില് പിന്നെ സമ്പത്ത് വേണം. അവര് പറയുന്നു- തത്വത്തില് പോയി ലയിച്ചു ചേരുമെന്ന്. ബാബക്ക് അനുഭവമുണ്ട്. വളരെ സന്യാസിമാരില് നിന്നും ഗുരുക്കന്മാരില് നിന്നും അനുഭവമുണ്ടായിട്ടുണ്ട്. അര്ജ്ജുനന് വളരെ ഗുരുക്കന്മാരുണ്ടായിരുന്നു. നിങ്ങളെല്ലാവരും അര്ജ്ജുനന്മാരാണ്. ഈ സമയത്ത് മുഴുവന് ലോകത്തിലും രാവണ രാജ്യമാണ്, മുഴുവന് ലോകവും ലങ്കയാണ്. സിലോണിലുള്ള ദ്വീപ് മാത്രമല്ല ലങ്ക. എന്നാല് മുഴുവന് ലോകവും പരിധിയില്ലാത്ത ലങ്കയാണ്. ഇപ്പോള് മുഴുവന് ലോകത്തിലും രാവണ രാജ്യമാണ്. രാമന്റെ രാജ്യത്തില് ഇത്രയും മനുഷ്യര് ഉണ്ടായിരുന്നില്ല. രാമരാജ്യമുള്ളപ്പോള് രാവണ രാജ്യമില്ല. എവിടേക്ക് പോകും? താഴെ പാതാളത്തിലേക്ക് പോകുന്നു. പിന്നീട് രാവണ രാജ്യം വരുമ്പോള് രാമ രാജ്യം താഴേക്ക് പോകുന്നു. ഇത് നാടകമല്ലേ. ചക്രം കറങ്ങുമ്പോള് സത്യയുഗം മുകളിലേക്ക് വരുന്നു. ദ്വാപര, കലിയുഗം താഴേക്ക് പോകുന്നു, സത്യ ത്രേതാ മുകളിലേക്കും. ചക്രത്തിന്റെ കാര്യമാണ്, അവര് അങ്ങനെ കാണിച്ചിരിക്കുന്നു. ബാക്കി ആരും സാഗരത്തിലും പോകുന്നില്ല, ആരും സാഗരത്തില് നിന്നും വരുന്നുമില്ല.

ബാബ മനസ്സിലാക്കി തരുന്നു ഇത് വളരെ ഗുഹ്യമായി മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഇവിടെ ഒന്നാമത് പവിത്രതയാണ്, യോഗവും പക്കാ ആയിരിക്കണം. ഇതിനെയാണ് പൂര്ണ്ണ സന്യാസം എന്നു പറയുന്നത്. ഈ ലോകത്തില് നിന്നും ബുദ്ധിയോഗം വിട്ടിരിക്കണം. ഈ കാര്യങ്ങള് നിങ്ങളിലും വിരളം പേരെ മനസ്സിലാക്കുന്നുള്ളൂ. സര്വ്വരും മനസ്സിലാക്കിയെങ്കില് ജ്ഞാന ഗംഗകളായി മാറണം. ചെറിയ നദി വേണം, തോട് വേണം. ശരി, വീട്ടിലിരുന്ന് കേള്പ്പിക്കുകയാണെങ്കിലും, കുറച്ച് മനസ്സിലാക്കിയിട്ടുണ്ട് എന്ന് പറയാം. എന്നാല് വീട്ടിലുള്ളവര്ക്ക് പോലും മനസ്സിലാക്കി കൊടുക്കാന് അറിയില്ല. ബാബ പറയുന്നു എത്ര തന്നെ ദരിദ്രരാണെങ്കിലും വീട്ടില് ഗീതാ പാഠശാല തുറക്കാമല്ലോ. ഒരു മുറിയാണെങ്കിലും അതില് തന്നെ താമസിക്കാം, ഉറങ്ങാം, കഴിക്കാം. ജോലിയെല്ലാം കഴിഞ്ഞ് വൃത്തിയാക്കി ക്ളാസ്സ് എടുക്കൂ. മൂന്നടി ഭൂമിയില് ഇത്രയും വലിയ ഹോസ്പിറ്റല് തുറക്കാന് സാധിക്കും. സമ്പന്നരുടെ കാര്യം ഉപേക്ഷിക്കൂ. ബാബ ദരിദ്രരുടെ പങ്കാളിയല്ലേ. സമ്പന്നര് പറയുന്നത് അവര്ക്ക് ഇത് തന്നെയാണ് സ്വര്ഗ്ഗമെന്ന്. അപ്പോള് ബാബ പറയുന്നു- ശരി നിങ്ങള് നിങ്ങളുടെ സ്വര്ഗ്ഗത്തില് തന്നെ

സന്തോഷമായിരിക്കൂ. ഞാന് നിങ്ങള്ക്ക് എന്തിന് നല്കണം. ദാനം എപ്പോഴും ദരിദ്രര്ക്കാണ് നല്കുന്നത്. സമ്പന്നരായവര് ഇവിടെ വന്ന് നിലത്തിരിക്കില്ല. ബാബ പറയുന്നു തങ്ങളുടെ കൊട്ടാരത്തില് തന്നെയിരിക്കൂ എന്ന്. എന്റെ അടുത്ത് നല്ല രീതിയില് പഠിക്കുന്ന ദരിദ്രരാണ് വരുന്നത്. മറ്റുള്ളവരെ ജ്ഞാനം കേള്പ്പിക്കാന് അറിയില്ലായെങ്കില് ചെറിയ കുളത്തിന് സമാനം പോലുമായില്ല. നിങ്ങള് വലിയ നദിയാകണം. മമ്മാ ബാബയെ അനുകരിക്കണം. എന്നാല് വീട്ടിലുള്ളവരെ പോലും കേള്പ്പിക്കാന് സാധിക്കുന്നില്ലായെങ്കില്, കൈവെള്ളയിലെ ജലത്തിന് സമാനം പോലുംആകില്ല. ബാബയ്ക്ക് ജ്ഞാനഗംഗകളുടെ മുന്നിലിരിക്കുമ്പോള് വളരെ രസം തോന്നുന്നു. ചിലര്ക്ക് ബാബയുടെ സന്മുഖത്തിരുന്ന് കേള്ക്കുമ്പോള് വളരെ സന്തോഷമുണ്ടാകുന്നു. എന്നാല് ഇവിടെ നിന്ന് എഴുന്നേറ്റ് പടി ഇറങ്ങുമ്പോള് ലഹരിയും ഇല്ലാതാകുന്നു. പിന്നെ വീട്ടിലെത്തുമ്പോള് പരചിന്തനം ചെയ്യാനാരംഭിക്കുന്നു. ബാബയ്ക്ക് ചലനത്തിലൂടെ മനസ്സിലാക്കാന് സാധിക്കും. വരുന്നത് മിലനം ചെയ്യാനാണ്. പറയുന്നു എന്റെ പതി, എന്റെ കുട്ടി. നിങ്ങള്ക്ക് പതി എവിടെ നിന്ന് വന്നു? വരുന്നത് സ്വര്ഗ്ഗത്തിലേക്ക് പോകാനാണ്, എന്നാലും എന്റെ എന്റെ എന്നതില് കുടുങ്ങി കിടക്കുന്നു. ഇത്രയും ഡോസ് ധാരാളമാണ്. ദഹിക്കുന്ന അത്രയുമല്ലേ നല്കാന് സാധിക്കൂ. ബാബ സാര രൂപത്തില് മനസ്സിലാക്കി തരുന്നു. യോഗത്തിലൂടെ നിങ്ങള് സ്വര്ഗ്ഗത്തിന്റെ സ്ഥാപന ചെയ്തു കൊണ്ടിരിക്കുന്നു. ബാക്കി ചക്രവര്ത്തി പദവിക്ക് വേണ്ടത് ജ്ഞാനമാണ്. രണ്ട് വിഷയങ്ങളുണ്ട്. ബാബയും യോഗത്തിലിരിക്കുന്നതിനുള്ള പുരുഷാര്ത്ഥമാണ് ചെയ്യുന്നത്, അതു കൊണ്ടാണ് പറയുന്നത്- ഓര്മ്മ മറക്കരുതെന്ന്. ശരി.

വളരെക്കാലത്തെ വേര്പാടിന് ശേഷം തിരികെ ലഭിച്ച കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ പഴയ ലോകത്തെ മുഴുവന് സന്യസിക്കണം. പവിത്രതയുടെയും യോഗത്തിന്റെയും വിഷയത്തില് നമ്പര് വണ് ആകണം.

2) ജ്ഞാന ഗംഗയായി പതിതരെ പാവനമാക്കുന്നതിനുള്ള സേവനം ചെയ്യണം. മമ്മാ ബാബയെ അനുകരിച്ച് വലിയ നദിയാകൂ.

വരദാനം :- ബ്രാഹ്മണ ജീവിതത്തില് കുറഞ്ഞ ചിലവില് കൂടുതല് പ്രാപ്തിയുണ്ടാക്കുന്ന അലൗകീകതാ സമ്പന്നരായി ഭവിക്കൂ

ഈ അലൗകിക ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷ സ്ലോഗനാണ് "കുറഞ്ഞ ചിലവില് കൂടുതല് പ്രാപ്തി." ചിലവ് കുറവായിരിക്കണം എന്നാല് പ്രാപ്തി ഗംഭീരമായിരിക്കണം. അലൗകികതാ സമ്പന്ന ജീവിതമെന്ന് അപ്പോള് പറയും എപ്പോഴാണോ വാക്കില്, കര്മ്മത്തില് ചിലവ് കുറവായിരിക്കുന്നത്. കുറഞ്ഞ സമയത്തില് കൂടുതല് കാര്യങ്ങള്, കുറഞ്ഞ വാക്കില് കൂടുതല് സ്പഷ്ടീകരണം, സങ്കല്പം കുറവായിരിക്കണം എന്നാല് ശക്തിശാലിയായിരിക്കണം - ഇതിനെയാണ് പറയുന്നത് കുറഞ്ഞ ചിലവില് കൂടുതല് പ്രാപ്തി. ആരാണോ സര്വ്വ ഖജനാക്കളും കുറച്ച് ചിലവഴിക്കുന്നത് അവരുടെ ഭണ്ഡാരം നിറയുന്നു.

സ്ലോഗന് :- ബാബയോടും സേവനത്തോടും സത്യമായ സ്നേഹമുണ്ടെങ്കില് പരിവാരത്തിന്റെ സ്നേഹം സ്വതവേ ലഭിക്കുന്നു.

മതേശ്വരീജിയുടെ അമൂല്യ മഹാവാക്യം

1) ഇപ്പോള് ഈ ശിരോമണീ ഗീതയില് ഭഗവാനുവാചയുണ്ട് കുട്ടികളേ, എവിടെ വിജയമുണ്ടോ അവിടെ ഞാനുണ്ട്, ഇതും പരമാത്മാവിന്റെ മഹാവാക്യമാണ്. പര്വ്വതങ്ങളില് ഹിമാലയ പര്വ്വതം അതിലാണ് ഞാന് അതുപോലെ സര്പ്പങ്ങളില് കറുത്ത കാളിയ സര്പ്പമാണു ഞാന് അതുകൊണ്ടാണ് പര്വ്വതത്തില് ഉയര്ന്ന പര്വ്വതമായി കൈലാസ പര്വ്വതത്തെ കാണിക്കുന്നത് അതുപോലെ സര്പ്പങ്ങളില് കാളിയ സര്പ്പവും, അപ്പോള് ഇതിലൂടെ

വ്യക്തമാകുന്നത് പരമാത്മാവ് സര്വ്വ സര്പ്പങ്ങളിലും വച്ച് കേവലം കാളിയ സര്പ്പത്തിലാണുള്ളത്, അപ്പോള് മറ്റ് മുഴുവന് സര്പ്പങ്ങളിലും അവരുടെ നിവാസമില്ല എന്നല്ലേ. അതുപോലെ പരമാത്മാവ് ഉയര്ന്നതിലും ഉയര്ന്ന പര്വ്വതത്തിലാണ് എന്നാല് താഴെയുള്ള പര്വ്വതങ്ങളില് ഇല്ല പിന്നീട് പറയുന്നു എവിടെ വിജയമുണ്ടോ അവിടെ എന്റെ ജന്മം, അര്ത്ഥം പരാജയത്തിലില്ല. ഇപ്പോള് ഈ കാര്യങ്ങള് തെളിയിക്കുന്നത് പരമാത്മാവ് സര്വ്വവ്യാപിയല്ല. ഒരുവശത്ത് ഇങ്ങനെയും പറയുന്നു മറുവശത്ത് ഇങ്ങനെയും പറയുന്നു പരമാത്മാവ് അനേക രൂപത്തില് വരുന്നു, ഏതുപോലെയാണോ പരമാത്മാവിനെ 24 അവതാരങ്ങളില് കാണിച്ചിരിക്കുന്നത്, പറയുന്നു മത്സ്യം, കൂര്മ്മം തുടങ്ങി എല്ലാ രൂപവും പരമാത്മാവിന്റേതാണ്. ഇപ്പോള് ഇതാണ് അവരുടെ മിഥ്യാ ജ്ഞാനം, ഇങ്ങനെ പരമാത്മാവിനെ എല്ലായിടത്തും ഉണ്ടെന്ന് മനസ്സിലാക്കിയിരിക്കുന്നു എന്നാല് ഈ സമയം എല്ലായിടത്തും മായ തന്നെയാണ് വ്യാപിച്ചിട്ടുള്ളത് പിന്നെങ്ങനെ പരമാത്മാവാകും? ഗീതയിലും പറയുന്നുണ്ട് ഞാന് മായയില് വ്യാപിച്ചിട്ടില്ല, ഇതിലൂടെ തെളിവാകുന്നത് പരമത്മാവ് സര്വ്വവ്യാപിയല്ല എന്നാണ്.

2) ഇപ്പോള് ഈ കാര്യം നമുക്കറിയാം അതായത് എപ്പോഴാണോ നമ്മള് നിരാകാരി ലോകമെന്ന് പറയുന്നത് അപ്പോള് നിരാകാരമെന്നതിന്റെ അര്ത്ഥം ഇതല്ല അതിന് യാതൊരു രൂപവും ഇല്ല, നമ്മള് നിരാകാരി ലോകമെന്ന് പറയുമ്പോള് അതിന്റെ അര്ത്ഥമാണ് തീര്ച്ചയായും ഒരു ലോകമാണ്, എന്നാല് അതിന് സ്ഥൂല സൃഷ്ടിയെ പോലെയുള്ള രൂപമില്ല, ഇതുപോലെ തന്നെ പരമാത്മാവും നിരാകാരനാണ് എന്നാല് അര്ക്ക് തന്റേതായ സൂക്ഷ്മ രൂപം അവശ്യമുണ്ട്. അതിനാല് നമ്മള് ആത്മാവിന്റേയും പരമാത്മാവിന്റെയും വീടാണ് നിരാകാരി ലോകം. എപ്പോള് നമ്മള് ലോകമെന്ന ശബ്ദം പറയുന്നോ, അപ്പോള് അതിലൂടെ വ്യക്തമാകുന്നത് അവിടെ വസിക്കുന്നുണ്ട് അതുകൊണ്ടാണ് ലോകമെന്ന് പേര് വന്നത്, ഇപ്പോള് ലൗകിക മനുഷ്യര് മനസ്സിലാക്കുന്നത് പരമാത്മാവിന്റെ രൂപവും അഖണ്ഡ ജ്യോതി തത്വമാണ് എന്നാണ്, എന്നാല് അത് പരമാത്മാവിന്റെ നിവാസ സ്ഥാനമാണ്, അതിനെയാണ് റിട്ടേഡ് ഹോം എന്ന് പറയുന്നത്. അതുകൊണ്ട് നമുക്ക് പരമാത്മാവിന്റെ വീടിനെ പരമാത്മാവെന്ന് പറയാന് സാധിക്കില്ല. ഇനി രണ്ടാമതായുള്ള ലോകമാണ് ആകാരീ ലോകം, അവിടെ ബ്രഹ്മാ വിഷ്ണു ശങ്കന് തുടങ്ങിയ ദേവതകള് ആകാരീ രൂപത്തില് വസിക്കുന്നു പിന്നീട് ഇതാണ് സാകാരീ ലോകം, ഇതിന് രണ്ട് ഭാഗങ്ങളുണ്ട് - ഒന്നാണ് നിര്വ്വികാരീ സ്വര്ഗ്ഗ ലോകം അവിടെ അരകല്പം സര്വ്വദാ സുഖമാണ്, പവിത്രതയും ശാന്തിയുമുണ്ട്. രണ്ടാമതായുള്ളതാണ് വികാരീ കലിയുഗീ ദുഃഖത്തിന്റെയും അശാന്തിയുടെയും ലോകം. ഇപ്പോള് ഇതിനെ രണ്ട് ലോകങ്ങളെന്ന് എന്തുകൊണ്ടാണ് പറയുന്നത്? എന്തുകൊണ്ടെന്നാല് മനുഷ്യര് പറയുന്നത് സ്വര്ഗ്ഗവും നരകവും രണ്ടും പരമാത്മാവ് രചിച്ച ലോകങ്ങളാണ്, ഇതില് പരമാത്മാവിന്റെ മഹാവാക്യമാണ് കുട്ടികളേ, ഞാന് ഒരു ദുഃഖത്തിന്റെ ലോകവും രചിച്ചിട്ടില്ല ഞാന് രചിച്ച ലോകം സുഖത്തിന്റേതാണ്. ഇപ്പോഴുള്ള ഈ ദുഃഖത്തിന്റെയും അശാന്തിയുടെയും ലോകം ഇത് മനുഷ്യാത്മാക്കള് സ്വയത്തെയും പരമാത്മാവായ എന്നേയും മറന്നത് കാരണത്താലുള്ള കര്മ്മ ഫലം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കി ഇങ്ങനെയല്ല എപ്പോഴാണോ സുഖത്തിന്റേയും പുണ്യത്തിന്റേയും ലോകമുള്ളത് അവിടെ സൃഷ്ടി കര്മ്മം നടക്കുന്നില്ല. തീര്ച്ചയായും ഉണ്ട്, എപ്പോള് നമ്മള് പറയുന്നോ ദേവതകളുടെ നിവാസ സ്ഥാനമായിരുന്നു, അപ്പോള് അവിടെ എല്ലാ കര്മ്മവും നടന്നിരുന്നു എന്നാല് ഇത്രയും തീര്ച്ചയായിരുന്നു അവിടെ വികാരീ ജന്മം നല്കല് ഉണ്ടായിരുന്നില്ല, ആ കാരണത്താല് ഇത്രയും കര്മ്മബന്ധനവും ഉണ്ടായിരുന്നില്ല. ആ ലോകത്തെയാണ് കര്മ്മ ബന്ധന രഹിത സ്വര്ഗ്ഗ ലോകമെന്ന് പറയുന്നത്. അപ്പോള് ഒന്നാണ് നിരാകാരീ ലോകം, രണ്ടാമതാണ് ആകാരീ ലോകം, മൂന്നാമതാണ് സാകാരീ ലോകം. ശരി - ഓം ശാന്തി.